

# നുറുങ്ങുകൾ

ഇ കെ നായനാർ സ്മാരക ഗവ ഹയർ സെക്കന്ററി സ്കൂൾ
വേങ്ങാട്

# നറുങ്ങുകൾ

ഡിജിറ്റൽ മാഗസിൻ 2019 - 20

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്പർ 14022/2018

# പത്രാധിപ സമിതി

## എഡിറ്റർ

ഹൃദ്യ കെ എം

## എഡിറ്റോറിയൽ ബോർഡ്

അക്ഷയ ഇ
അനാമിക അശോകൻ
അഥീന ദിനേശൻ
അൻതാര എ
അന്വയ എം
ഷിയാദ് സി
അഭിനവ് പി
ആദിത്യൻ പി
അമിയ ടി കെ

# സന്ദേശം



കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക് നിലവാരത്തിലേക്ക് ഉയരുകയാണ് . ഓരോ വർഷവും ലക്ഷക്കണക്കിന് കുട്ടികൾ ഈ മേഖലയിലേക്ക് പുതുതായി എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു . നമ്മുടെ വിദ്യാലയവും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വികസനത്തിന്റെ പാതയിലാണ് . സ്കൂളിലെ ഹൈടെക് ക്ലാസ് മുറികളുടെ പരിപാലനം ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്ത്വത്തിലാണ് . യൂണിറ്റ് ഈ വർഷം പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു .

കെ കെ ഹേമലത

ഹെഡ് മിസ്ട്രസ്

# സന്ദേശം



കേരള സർക്കാരിന്റെ ലോകശ്രദ്ധ പിടിച്ചുപറ്റിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയവും വളർച്ചയുടെ പടവുകൾ കയറുകയാണ് . വിവര സാങ്കേതിക വിദ്യ വെറുമൊരു പഠന വിഷയം എന്നതിലുപരി നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു . ഈ സാഹചര്യത്തിൽ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ വർഷം പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു .

കെ കെ സുരേന്ദ്രൻ
പ്രിൻസിപ്പാൾ

# <u>സന്ദേശം</u>




സാക്ഷരതയിലും മതനിരപേക്ഷതയിലും എന്നും ഒന്നാം സ്ഥാനത്താണ് നമ്മുടെ നാട് . പൊതു വിദ്യാലങ്ങൾക്ക് ഏറെ പ്രസക്തിയുള്ള ഒരു കാലമാണിത് . വിദ്യാലയങ്ങളിലെ കൂട്ടായ്മകൾക്കും അതേ പ്രാധാന്യമുണ്ട് .

ഈ സാഹചര്യത്തിൽ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

യൂണിറ്റ് ഈ വർഷം പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു .

കെ സി സുരേന്ദ്രൻ

പി ടി എ പ്രസിഡന്റ്


മഹാത്മാ.....

# A P J - a life sketch



Dr A P J Abdul Kalam was born on 15 October, 1931. His birth anniversary is observed as world students day. He was president of India from 2002-2007. He was honoured with several prestigious awards including India's highest civilian honour. 'Bharat Ratna' in 1997. He was born in Dhanush Kodi, Rameshwaram Tamilnadu and studied physics and aerospace engineering.

He was the 11th president of India and elected against Lakshmi sehgal in 2002. Before becoming the president of India, he worked with the Indian space research organisation (ISRO) and defence research and development organisation (D R DO) as an aerospace engineer.

He was known as the “Missile Man Of India” for his important role in the nation’s civilian space programme and military missile development. Also, in 1998, he made significant contributions to India’s pokhram-II nuclear tests.

Abdul was born in Tamil nadu. His father name was Jainulabdean, who was a boat owner and imam of local mosque. His mother name was Ashiamma, who was a housewife.

Abdul Kalam was the youngest of 5 siblings, the elder brothers, namely Muhammed Muthu Meera Lebbai Maraikayar, Musthafa Kalam and Kasim Mohammed. He was to close his family and always helps them, through he remained a bachelor whole life he died 27 July, shilong.



# നരകതുല്യം സ്ത്രീജീവിതം



ജനനിബിഡമായ ആ നഗരത്തിൽ ആരും

ശ്രദ്ധിക്കാത്ത ഇങ്ങനെയൊരു സ്ഥലം ഉള്ളതായി

രഹസ്യാന്വേഷണത്തിലൂടെയാണ് മനസ്സിലായത്. അവിടെ

കാടുപിടിച്ച ആ കോട്ടയ്ക്കുള്ളിൽ ആരുമറിയാതെ ചില

ജീവിതങ്ങൾ ഉണ്ടെന്ന് അറിഞ്ഞ ആ നിമിഷം അവളുടെ മനസ്സ്

സംഘർഷഭരിതമായിരുന്നു.

തന്നെപ്പോലെ  എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചവരും അനുഭവിക്കേണ്ടവരുമായ പെൺക്കുട്ടികളാണ് വേശ്യാലങ്ങൾ അകപ്പെട്ടുപ്പോവുന്നത്. നല്ല ജോലി , നല്ല പഠനം അങ്ങനെ വാഗ്ദാനങ്ങളെറെ. പൊള്ളയായ വാഗ്ദാനങ്ങളിൽ അകപ്പെട്ടവരാണ് അവരിലെറെയും. വാർത്തകളിൽ മാത്രം കണ്ട ഇത്തരം ജീവിതങ്ങൾ നേരിൽ കണ്ടതിന്റെ ഞെട്ടലിൽ നിന്നും അവൾക്ക് തിരിച്ചുവരാൻ സമയങ്ങളെടുത്തു.അവളുടെ ജേണലിസ്റ്റ് ജീവിതത്തിൽ ഇങ്ങനെയൊരു കാര്യം കാണുന്നതും ആദ്യമായാണ്.

നിറങ്ങളുടെ ലോകത്തിന്, സൗന്ദര്യത്തിന്റെ ലോകത്തിന്  ഇങ്ങനെയൊരു മുഖം അതവൾക്ക് വിശ്വസിക്കാനായില്ല. ആരുമറിയാതെ വേദന കടിച്ചുപിടിച്ച് മരണതുല്യമായ ജീവിതം നയിക്കുന്ന അവരുടെ ഉയർത്തെഴുന്നേൽപ്പിനായി അവൾ അവിടേക്കുപോകാൻതീരുമാനിച്ച കുറേനാളുകളുടെ

പരിശ്രമത്തിനൊടുവിൽ ആ കരാളകൈകളിൽ നിന്നും ഒരാളെയെങ്കിലും അവൾക്ക് രക്ഷിക്കാനായി. 'ആരതി' അവൾ പറഞ്ഞു,നിങ്ങളെ ദൈവം രക്ഷിക്കും. ചേച്ചി അറിഞ്ഞതെല്ലാം ശരിയാണ് പക്ഷേ....... പക്ഷേ അതിനുമപ്പുറം ഇവിടെനിന്നും മറ്റു രാജ്യങ്ങളിലേക്ക് കടത്തപ്പെട്ടപ്പോൾ അവർ എന്തുചെയ്യും. ഇവിടെനിന്ന് ജീവിതം മടുത്ത് അതു നശിപ്പിച്ചവർ ഏറെ.

സ്ത്രീയായതിന്റെ പേരിൽ കുറെയെറെ ഞങ്ങൾ അനുഭവിച്ചു. ചേച്ചി സൂക്ഷിക്കണം ഇങ്ങനെയുള്ള ബിസിനസ്സ് ചെയ്യുന്നവർ സ്ത്രീകളെ മൃഗതുല്യമായാണ് കാണുന്നത്.ഇവരെ രക്ഷിക്കാൻ അധികാരത്തിന്റെ കൈകളെ ഏറെയാണ്.

അവൾ തീരുമാനിച്ചു ഇവിടെയുള്ള എല്ലാവരെയും താൻ രക്ഷിക്കും അവർക്ക് പുതിയൊരു ജീവിതം അതായിരിക്കും ഇനി തന്റെ സ്വപ്നം. അവൾക്ക് ആ സ്വപ്നംപൂവണിഞ്ഞു.അൻപതിലെറെ പേരാണ് അവളുടെ നന്മകൊണ്ട് രക്ഷപ്പെട്ടത്.പെൺമക്കളുള്ള മാതാപിതാക്കൾ ഇനിമുതൽ സമാധാനമായി ഉറങ്ങണം.


അതിനായി അവൾ തന്റെ ജീവിതം മാറ്റിവച്ചു. സ്ത്രീകൾക്കുവേണ്ടി, സ്ത്രീയായതിനാൽ ഇനി ആരും വിഷമിക്കരുതെന്ന് അവൾ ഉറപ്പിച്ചു. സമൂഹത്തിൽ നന്മയുള്ള ഇപ്പൊഴുമുണ്ടെന്നതിന്റെ പ്രതീകം ഈ "സ്ത്രീ".



# A COLOUR SKETCH



# I WAS ALONE



At that time I was alone
They hurt me so cruelly
I tried my best, but I can’t
I realised that I am a girl,
Just a girl !

I was like a little rose
All like me , love me
I have many to take care of mine.
They never ready to loose me
As they don’t know,
I am just a rose to others !

I think I have a special talent
to attract everyone and
I have the smartness to
protect myself.

I think I am the star, the unique
But I forgot that,
I am just a rose


I didn’t take care whom
looked me as just a flower
It was my fault, my faith
that I am carried out my beauty

At last ,I am trapped,
I tried my best ,but I can’t.
I realised that , I am not special,
I am a rose, just a rose!
I am also fall down on the ground

Just like other’s.


# PAINTING ( Water Colour )





Abin Krishna

# ആടുജീവിതം




വായന വളരെ അനന്തമായ ഒന്നാണ്. വായിക്കുന്ന ഒരാൾ ഒരുപാട് ജീവിതങ്ങൾ ജീവിക്കുന്നു. സങ്കടത്തിന്റെയും , സന്തോഷത്തിന്റെയും ജീവിതങ്ങൾ .സാമൂഹികപ്രവർത്തകനായും,ഡോക്ടറായും,ശാസ്ത്രജ്ഞനായും,പ്രവ ാസിയായു -മൊക്കെ പ്രവാസിയായുമൊക്കെ ജീവിക്കുന്നു . വായന നമ്മെ ലോകത്തെക്കുറിച്ചും,ജീവിതത്തെക്കുറിച്ചും അവബോധമുള്ളവരാക്കി മാറ്റുന്നു. അത്തരത്തിൽ പ്രവാസിമലയാളികളുടെ ജീവിതദുരിതങ്ങൾ പച്ചയായി നമ്മുക്ക് മുന്നിൽ തുറന്നു കാട്ടിയ നോവലാണ് ബെന്യമിനിന്റെ ആടുജീവിതം . വലിയ സ്വപ്നങ്ങളുമായി സൗദിഅറേബ്യയിൽ

ജോലിയ്ക്കായി പോയി വഞ്ചിക്കപ്പെട്ട , മരുഭൂമിയിലെ ഒരു ആട്ടുവളർത്തൽ കേന്ദ്രത്തിൽ 3 വർഷത്തിലെറെ കാലം അടിമപ്പണി ചെയ്യേണ്ടി വന്ന നജീബ് എന്ന മലയാളിയുവാവിന്റെ കഥയാണ് ഈ കൃതി. പ്രവാസിജീവിതത്തിന്റെ കഷ്ടതകളും, ആത്മസംഘർഷങ്ങളും ഈ കൃതിയിൽ ബെന്യമിൻ അവതരിപ്പിക്കുന്നു. പ്രവാസിജീവിതത്തിന്റെ പച്ചയായ അനുഭവങ്ങളാണിതിൽ . കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്യ്തിരുന്ന നജീബ് ഒരു സുഹൃത്തിന്റെ സഹായത്തോടെയാണ് സൗദിലെത്തുന്നത് . കൂടെ അയൽവാസിയായ ഹക്കിമിനെയും കൂട്ടുന്നു. ജീവിതത്തെക്കുറിച്ച് നിറമുള്ള സ്വപ്നങ്ങളുമായാണ് അവർ അവിടെ വിമാനമിറങ്ങുന്നത് . എ സി കാറും , വിലപ്പിടിപ്പുള്ള വസ്തുങ്ങളും , ഭക്ഷണവും ഒക്കെ അയാൾ സ്വപ്നം കാണുന്നു . എന്നാൽ വിമാനത്താവളത്തിൽ ആരെയോ അന്വേഷിച്ച് നടക്കുന്ന ഒരു അറബിയെ കണ്ടുമുട്ടുകയും സ്പോൺസറാണെന്നു തെറ്റിദ്ധരിച്ച് അയാളുടെ കൂടെ പോവുകയും ചെയ്യുന്നു. അവർ എത്തിപ്പെട്ടെത് മസ്റ എന്നറിയപ്പെട്ട രണ്ട് വ്യത്യസ്ത ആട് വളർത്തൽ കേന്ദ്രങ്ങളിലായിരുന്നു.

വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളേയും ഒട്ടകങ്ങളെയും പരിപാലിച്ചു കൊണ്ടുള്ള വ്ശ്രമമില്ലാത്ത ജീവിതമായിരുന്നു നജീബിന്റേത്. മസ്റയിലെ മുഴവൻ ജോലികളും അയാൾക്കായിരുന്നു.ഇല്ലായെങ്കിൽ അർബാബ് കടുത്ത ശിക്ഷകൾക്ക് വിധേയനാക്കും. ഒന്നുകിൽ ചാട്ടവാറുക്കൊണ്ട് പോതിരെ തല്ലും,അല്ലെങ്കിൽ അന്നത്തെ ദിവസം ഭക്ഷണം നൽകില്ല, കാടി വെള്ളത്തിൽ തല മുക്കും, മുട്ടനാടിനെ കൊണ്ട് കുത്തിക്കും, തുടങ്ങി നിരവധി കടുത്ത പ്രഹാരങ്ങൾക്ക് നജീബ് വിധേയനായി. ഇത് ഒരു മനുഷ്യന്റെ

ജീവിതാനുഭവമാണ്. ഈ കഥ നമ്മെ അത്ഭുതപ്പെടുത്തുന്നു.ഇതിനൊക്കെവിധേയനാകുന്നതി നേക്കാൾ ഭേദം തീർച്ചയായും മരിക്കുന്നതേ, ആത്മഹത്യ ചെയ്യുന്നത് ആണെന്ന് നാം കരുതും.എന്നാൽ ഭാര്യ സൈനുവിനെയും മകൻ നബീലിനെയും, ഉമ്മയെയും ഒക്കെ ഒന്നുകൂടി  കാണണം എന്ന തീരുമാനം ഏതു കടുത്ത അനുഭവങ്ങളെ മറികടക്കാൻ നജീബിന് ഊർജമാവുന്നു. ചത്തകണക്കെയുള്ള ജീവിതമാണ് നജീബും, ഹക്കീമും നയ്ക്കുന്നത് പച്ചപ്പാലും ഖുബൂസ് എന്ന അറേബ്യൻ ചപ്പാത്തിയും മാത്രമാണ് നജീബിനുള്ള ആഹാരം.താമസിക്കാൻ മുറിയോ, കിടക്കയോ വസ്ത്രമോ ശുചിത്വപാലനത്തിന് ഉള്ള സാഹചര്യമോ ഉണ്ടായിയിരു- ന്നില്ല.മർദ്ദനം സ്ഥിരമായിരുന്നു.

ആടുകൾക്ക് നജീബ് സ്വന്തക്കാരുടെയും, നടൻ മാരുടെയും ഒക്കെ പേരുകൾ നൽകി. മോഹൻലാൽ, ജഗതി എന്നൊക്കെ പേരുള്ള ആടുകൾ അവിടെ ഉണ്ടായിരുന്നു. സ്വന്തം മകൻെ പേരും നജീബ് ഒരാടിനു നൽകി. നബീൽ.തൻെ മകൻ പിറക്കുന്നതു കാണാൻ കഴിയാത്ത നജീപ് താൻ ആദ്യമായി പ്രസവമെടുത്ത ആട്ടിൻ കുട്ടിക്കു നബീൽ എന്ന പേരു നൽകി. സ്വന്തം മകനെ ഒരുനോക്കു കാണാൻ കഴിയാത്ത ഒരച്ഛൻെ ഹൃദയ വേദന ഇതിൽനിന്ന് നമുക്ക് മനസിലാക്കാം

നാട്ടിൽ ദിവസവും വെള്ളത്തിൽ മുങ്ങിക്കിടന്ന നജീബിന് മാതൃഭൂമിയിൽ ശൗചവൃത്തിക്കുപോലും ഒരു തുള്ളിവെള്ളമില്ല. വിസർജനത്തിന് ശേഷം കഴുകാൻ തൊട്ടിയിൽ നിന്ന് വെള്ളമെടുത്തതിന് അറബി പൊതിരെ തല്ലി,പട്ടിണിക്കിട്ട കഥ ഈ നോവലിൽ പറയുന്നുണ്ട്. ഒരു മനുഷൻ എത്രത്തോളം താഴാനാകും എന്ന് നജീബ് നമുക്ക് കാണിച്ചുതരുന്നു. വാക്കുകളാൽ നിവരിക്കാൻ കഴിയാത്തത്ര

വേദനയും,ആത്മസംഘർങ്ങളും നജീബ് അനുഭവിച്ചു. ഒടുവിൽ ഹക്കീമിന്റെ മസ്റയിൽ ജോലിക്കെത്തിയ ഇബ്രാഹിം ഖാദരി എന്ന സൊമിലിയക്കാരൻ ഹക്കീമിനെയും, നജീബിനെയും രക്ഷപ്പെടുത്തുന്നു.

അഞ്ച്-ആറ് ദിവസം മൂവരും മരുഭൂമിയിലൂടെ അലയുന്നു. നജീബിന് സ്വാതന്ത്ര്യത്തിന്റെ ലോകത്തെത്തിയതായി അപ്പോൾ അനുഭവപ്പെടുന്നു. എന്നാൽ വഴിയറിയാതെ, ലക്ഷ്യമില്ലാതെ നടന്ന അവർ മരുഭൂമിയിൽത്തന്നെ കുടുങ്ങുന്നു. ഒടുവിൽ ദാഹിച്ച് വലഞ്ഞ
ഹക്കിം യാത്രയ്ക്കിടയിൽ മരിച്ചുപോകുന്നു.
പ്രിയസുഹൃത്തിന്റെവേർപാടിന്റെ ദു:ഖം നജീബിനെ കൂടുതൽ നിരാശനാക്കുന്നു. ഒടുവിൽ അവർഹൈവേയ്ക്കരികിലെത്തു-
-ന്നു. അപ്പോഴേക്കും ഇബ്രാഹിം ഖാദരിയെ കാണാതാവുന്നു. നജീബ് അല്ലാഹുവിന്റെ ദൂതനായി ഖാദരിയെ കാണുന്നു. ഖാദരിയെ പ്പറ്റി പിന്നീട് നോവലിൽ എവിടെയും പറയുന്നില്ല.

ഒടുവിൽ കുഞ്ഞിക്ക എന്ന മലയാളിയുടെ അടുത്ത് എത്തിപ്പെടുന്ന നജീബ് അയാളുടെ സഹായത്തോടെ ജയിലിലേക്കു പോകുന്നു. അതിനുമുണ്ട് കാരണം. ഇവിടെ എത്തിപ്പെടുന്നവർ അറബിയുടെ കീഴിൽ കടുത്ത ദുരിതങ്ങൾ അനുഭവിക്കുന്നു.അവർ അതിൽ നിന്ന് രക്ഷപ്പെടുവാൻ ജയിലിൽ പോകുന്നു. അവിടെ അറബിയെ പേടിക്കേണ്ട. അതിൽ നിന്നും മനസ്സിലാക്കാൻ അവർ അറബിയെ എത്രമാത്രം ഭയക്കുന്നുവെന്ന്.ഒടുവിൽ ഇന്ത്യൻ എംബസിക്കാർ റാജീബിനെ ഇന്ത്യയിലെത്തിക്കുന്നതോടുകൂടി നോവൽ അവസാനിക്കുന്നു.

നാൽപ്പത്തിയൊന്ന് ഖണ്ഡങ്ങളിൽ നജീബിന്റെ കഥ ബെന്യാമിൻ പറയുന്നു . നജീബ് അനുഭവിച്ച കഷ്ടപ്പാടുകൽ ഒരാൾക്കുപോലും സങ്കല്പിക്കാൻ കഴിയില്ല. പ്രവാസി ജീവിതം സുഖകരമെന്ന് കരുതുന്ന നമുക്ക് പ്രവാസിജീവിതത്തിന്റെ ഇരുണ്ടവശങ്ങൾ കാണിച്ചുതന്ന ഈ നോവൽ ഹൃദയസ്പർശിയാണ്. ആടുകൾക്കിടയിലെ ആടായുള്ള നജീബിന്റെ ജീവിതം നമ്മുടെ കണ്ണ് നനയ്ക്കുന്നതാണ്.

വളരെ ലളിതമായ ഭാഷയാണിതിൽ. കുട്ടികൾക്കും ഇതിലെ ആശയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാം. നജീബിന്റെ ജീവിതം യാതൊരു പൊടിപ്പും തൊങ്ങലുമില്ലാതെ പറഞ്ഞുകേട്ട് പകർത്തുമാത്രമാണ് ബെന്യാമിൻ ചെയ്തത്.മലയാളിയുടെ ഗൾഫ് ജീവിതത്തെ കുറിച്ചുള്ള ഈ കഥ നമ്മുടെ പല സങ്കൽപ്പങ്ങളും തിരുത്തിക്കുറിക്കുന്നതാണ്.നജീബിൽ നിന്നും നമുക്ക് കിട്ടുന്നത് ജീവിതത്തിലെ പ്രതിസന്ധികൾ തരണം ചെയ്യാനുള്ള ഊർജമാണ്.പ്രത്യാശയുടെ തിരിനാളം ഈ നോവലിൽ ഉടനീളം നമുക്ക് കാണാൻ സാധിക്കും. തീർത്തും ജീവിതഗന്ധിയായ ഈ നോവൽ തീർച്ചയായും എല്ലാവരും വായിച്ചിരിക്കേണ്ടതാണ്.



Aswathi P A



sreemanjari

# मेरी असली माँ -प्रकृति



प्रकृति हमारा जीवन है । प्रकृति नही तो यहाँ जीना असंभव की बात है । हम इसी मिट्टी में जन्मे है , इसी मिट्टी का अन्न खाकर पले है , हमे जो कुछ चाहिए सब इस मिट्टी से मिलता है । इसलिए प्रकृति का अपनी माँ समझकर उस का संरक्षण करे और इस प्रकृति से मिल-जुल कर रहे ।

हमारी प्रकृति कितनी सुन्दर थी ! यहाँ के पेड-पौधे,नदी-नाले,जंगल,पहाड-पहाडी,फूल,चिडिया,तितलियाँ सब कितना सुन्दर दिखाई पडता था ! ये सब आज कहाँ गयी ? मनुष्य प्रकृति का नाश

करने से प्रकृति का संतुलन भी बिगड जाता है । महामगरियाँ होती है । सूखा फैल जाता है ।भूकंप, बाढ आदि होता है।

प्रकृति हमारे खुशी,दुःख,उत्साह,परेशानी और अकेलापन आदि से शामिल होता है । प्रकृति के साथ रहने से सारी परेशानियाँ दूर हो जाएगी । प्रकृति को माँ के जैसे प्यार दे और उसे अपना समझ कर संरक्षण करे।

आज के ज़मान में मनुष्य अपनी इच्छा के अनुसार पेड-पौधों को काटते है । वे नही जानते कि एक वृक्ष हमे कितना सुख दायक है ! प्रकृति की सभी छोटी-मोटी चीज़ बहुत महँगी भी है । लोग नदियो में कचडा डाल कर जल को प्रदूषित करते है । अपना जीवन खतरे में डालते है । आज मनुष्य प्रकृति से मिल-जुलकर रहना भूल जाते है ।

हमारी प्रकृति को पहले जैसा सुन्दर बनानी है , और लोगों की गलतियों को सुधारना है । प्रकृति के साथ कुछ समय बिताना ज़रूरी है । तब हमारा मन बहुत ताज़ा हो जाता है । प्रकृति से बिताने वाली हर वक्त ज़रूर अच्छा वक्त होगा । प्रकृति को बचाना हमारा कर्तव्य है ।




hridya k m

# IT WAS RAINING
# THAT DAY ALSO

It is raining out side The cool wind that is removes the hair felled in her face. The  sudden thunder calls her back from her thought. Her mother came and said: “Riya.. Are you Mad”? Why are you sitting alone.
She came and hugs her. “baby.... please come back...” the tears falling from her eyes is hiding a lot of sadness. She recalls her memories.

It was Raining that day also, she is waiting for him in cafe california.

He was Arun.  Arun is her boy friend who was studying as her senior they two has an unbreakable bond of relationship as like a brother and sister. He is the only lap, that she can found happiness. He is a great motivator, protector & even if like a father. “Riya... I’am sorry dear... I missed my bus.
so... he said. Okey... shall we go? Riya replied.
Ya.. they hold their hands together &walked under an umbrella.
“ Arun .. what did you want to say to me? Where are you taking me?
“ Riya asked.

“wait .. I shall tell you. He smiled.
They walked.. the rain is not stopped yet.. the wind blows through them.. and altogether,they are walking... walking.
“Riya.. this is the place” he smiled.
Where is this..? I Don’t know ?? why are came here..? she asked.
He hold her hand..moves on.. it was an old home with broken windows & walks..
he takes her inside it. Take her in to a room and locked. She afraid.. and tried to come out of the room. But, fails and he drags her towards him, thrown her shall away..and..
Mummy.... she cried lot.. her Mom came again and hugs her.. they cries..
It was still raining outside. She stands and went outside of her home. Walked through those rain alone.. washing off her memories in it .. but still she is walking....



# पदरञ्जिनी

| | |
|---|---|
| १)ऋग्वेदस्य प्रथमं सूक्तं किं?<br>२)रत्नाकरः कस्य पुत्रः आसीत्?<br>३)बाल्ये विवेकानन्दस्य नामं किम्?<br>४)व्याकरणमहाभाष्यस्य कर्ता कः?<br>५)बृहत्कथायाः प्रणेता कः?<br>६)श्रीरामकथां वाल्मीकिं प्रति कः उवाच?<br>७)अतुलकवेः चरित्रकाव्यं किम्?<br>८)बृहत्तमं पुराणं किम्?<br>९)अद्वैतमतस्य उपज्ञाता कः?<br>१०)नारदस्य वीणा ? | १)तन्त्रालोकस्य कर्ता कः?<br>११)भर्तृहरिणा प्रणीतं व्याकरणग्रन्थः किम् ?<br>१२)साहित्यदर्पणस्य कर्ता कः?<br>१३)श्रीकृष्णस्य मुरल्याः नाम किम्?<br>१४)दीर्धकाल तपः शक्तिं च रामाय दत्तवान् ऋषिः कः?<br>१५)मेल्पत्तूर् नारायण भट्टपादस्य प्रसिद्धा कृतिः?<br>१६)पाणिनेः व्याकरण ग्रन्थः? |

# ENVIRONMENTAL ETHICS



Environmental ethics are a branch of Christian theology that defines virtous environmental behaviour and wrong behaviour from a Christian perspective. Christianity have a number of sources from which environmental ethics are sought and these include; the bible, historical theologians, contemporary activists and also many other Christian teachers. The main source of environmental ethics is the bible however it has been neglected until recent awareness and global concern for understanding that there is a close relationship between god and created world,has played vital role in providing Christian adherence with common stance an environmental ethics.

Historically,environmental ethics have not been a prominent aspect of mainstream Christianity despite numerous referencess in sacred scripture regarding

stewardship for the created world this is due to literal interpredations of genesis 1:28 “subdue and have dominion over the earth” allowing many Christians to believe that the land is their poccession However, the modern world wild context of ecological awareness after industrialisation has caused many denominations to search the scripture for guidance, subsequently developing ethical theologians contribute to the development of Christianity’s position on the environment, whilst organizations in modern society continue to establish principles and initiatives to help protect the environments,and educate adherence. The traditional anthropromorphic view that salvation prioritises ecology arose out early interpretations of biblical passages; however contemporary understandings validated stewardship within these texts. Environmental ethics are also sourced from many Christian theologians, and rules; including the ten commandments and the beatitudes.



# ടോട്ടോ ചാൻ



വായനയുടെ യഥാർത്ഥ ആനന്ദവും സംതൃപ്തിയും നമുക്ക് നൽകുന്ന ബാല്യകാലസ്മരണകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന പുസ്തകമാണ് ടോട്ടോ ചാൻ ജനാലയ്ക്കരികിലെ വികൃതിക്കുട്ടിവ. മനസ്സിൽ മായാതെ കിടക്കുന്ന ബാല്യകാലസ്മരണകളിലേക്ക് മുതിർന്നവരെപ്പോലും ഈ പുസ്തകം കൂട്ടിക്കൊണ്ടുപോകുന്നു. ലളിതമായ ഭാഷ്ശൈലികൊണ്ടും ഹൃദ്യമായ വർണ്ണനകൾകൊണ്ടും

ലോകജനതയുടെ മനസ്സ് കീഴടക്കിയ ഈ പുസ്തകം രചിച്ചിരിക്കുന്നത് പ്രശസ്ത ജപ്പാനീസ് എഴുത്തുകാരിയായ തെത്സുകോ കുറോയനഗിയാണ് ഇതിന്റെ മലയാളപരിഭാഷ തയ്യാറാക്കിയിരിക്കുന്നത്
അൻവർ അലിയാണ്.

തന്റെ ബാല്യകാലമാണ് നീണ്ട 61 അധ്യായങ്ങളിലൂടെ തെത്സുകോ വായനക്കാരിലേക്ക് എത്തിക്കുന്നത് ബാലസാഹിത്യകൃതികളുടെ കൂട്ടത്തിൽ പ്രധാന സ്ഥാനമാണ് ഈ പുസ്തകത്തിനുള്ളത്. ടോട്ടോ ചാൻ  എന്ന കൊച്ചു പെൺകുട്ടിയുടെ കുസൃതികളിലൂടെയും, നിഷ്കളങ്കമായ പെരുമാറ്റത്തിലൂടെയും, അവളുടെ വിചാരങ്ങളിലൂടെയുമൊക്കെയാണ് ഈ കഥ മുന്നോട്ടുപോകുന്നത്.    കുസൃതികളുണ്ടെങ്കിലും അവൾ വളരെ നിഷ്കളങ്കയാണ്. റോക്കി എന്ന നായിക്കുട്ടിയാണ് അവളുടെ സന്തതസഹചാരി. അവളൾ ആദ്യം പഠിച്ചിരുന്ന സ്കൂളിൽ നിന്ന് അവളെ പുറത്താക്കി. ക്ലാസെടുക്കുമ്പോൾ പുസ്തകമേശ വലിയ ശബ്ദത്തിൽ തുറന്നടയ്ക്കുക, വഴിയിലൂടെ പോകുന്ന തെരുവ് ഗായകരെ ജനലിലൂടെ കൈകാണിച്ച് വിളിച്ച് പാട്ടുപാടിക്കുക, കിളികളോടും മരങ്ങളോടും കിന്നാരം പറയുക, ഇങ്ങനെ പോകുന്ന ഒരു കൊച്ചു ടോട്ടോയുടെ വികൃതികൾ. ഇതൊക്കെകൊണ്ടാണ് അവളെ ആദ്യത്തെ സ്കൂളിൽ നിന്നും പുറത്താക്കിയത്. കുരുന്നുസഹജമായതും, നിഷ്കളങ്കവുമായ വികൃതിത്തരങ്ങൾ മാത്രമേ അവളിലുള്ളുവെങ്കിലും അത് മുതിർന്നവർ മനസ്സിലാക്കുന്നില്ല.

അവൾ അങ്ങനെയാണ് പുതിയസ്കൂളിലേക്കെത്തുന്നത് സൊസാകുകൊബായാഷി മാസ്റ്ററുടെ റ്റോമോ സ്കൂൾ. അവിടം അവളുടെ വിചാരങ്ങൾക്കിണങ്ങിയതായിരുന്നു. കൊബായാഷി

മാസ്റ്റർ ആ കുരുന്നുമനസ്സിലാക്കുകയും അവളെലഅവളുടേതായ ഒരു ലോകത്ത്  പറത്തിവിടുകയും ചെയ്തു. ആ അധ്യാപകനാണ് അവളുടെ ജീതത്തിലെ വഴിത്തിവെന്നു പറയാം. ആരും ആഗ്രഹിച്ചുപോകും, അത്തരത്തിലൊരു അധ്യാപകനെ കിട്ടാൻ. അടിയോ, ചോദ്യം ചോദിക്കലുകളോ, ഹോം വർക്കുക ഇല്ലാത്ത സ്കൂൾ. അവിടെ കുട്ടികൾക്ക് ഭാവിതീരുമാനിക്കാൻ ഏറെ ഒരു പരിപാടിയാണ്.കൊബായാഷി മാസ്റ്റർ ആ കുട്ടികൾക്കിടയിൽ ഉള്ള കലാവാസനകൾ ഉണർത്താൻ നിരവധി പരിപാടികൾ നടപ്പിലാക്കി . കായികപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും അദ്ദേഹം പങ്കെടുപ്പിച്ചു . അത്തരത്തിൽ കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ആ സ്കൂൾജീവിതം സഹായകമായി .

ആ സ്കൂളിൽ അവൾക്ക് ഒരുപാട് കൂട്ടുക്കാരെ ലഭിച്ചു . തകാഹാഷി, മിയോച്ചാൻ, യമനൗഷി, യാസുക്കിചാൻ, ക്യൂനിൻ ഓയെ തുടങ്ങിയവരായിരുന്നു അവർ. അവരിൽ ടോട്ടോയുടെ ഏറ്റവും അടുത്ത സുഹൃത്ത് യാസുക്കിചാൻ ആയിരുന്നു. പോളിയോ ബാധിച്ചതിനാൽ ശരീരം തളർന്നുപോയ അവനെ മരത്തിൽ കയറാൻ ടോട്ടോ സഹായിക്കുന്നു. പഠനത്തിലും അവന് ടോട്ടോ തുണയായി. സ്വന്തം സഹപാഠികളോട് മത്സരബുദ്ധിയോട് കൂടി ഇടപഴകുന്ന ഇന്നത്തെ കുട്ടികൾക്ക് തീർച്ചയായും ടോട്ടോ ഒരു പാഠമാണ്. അവൾ ഒരു മാതൃകയാണ് .

കുട്ടികളുടെ സഹജമായ ഇച്ഛകളെ തുരങ്കം വയ്ക്കാതിരിക്കുക. അവരുടെ സ്വപ്നങ്ങൾ തീർച്ചയായും മുതിർന്നവരുടേതിനേക്കാൾ മഹത്തരമാണ് എന്നാണ് കൊബായിഷിയുടെ നയം. ആ അദ്ധ്യാപകനാണ് ടോട്ടോയുടെ ദൈവം എന്നവൾ ഈ കഥയിൽ പറയുന്നുണ്ട്. കുട്ടികളുടെ ഓരോ വികൃതിയിലും അവർക്ക് പഠിക്കാൻ    ഒരു പാഠമുണ്ടെന്ന്

വിശ്വസിക്കുന്ന കൊബായാഷി മാസ്റ്റർ അദ്ധ്യാപകർക്കെല്ലാം ഒരു മാതൃകയാണ്. സഹപാഠിയെ ജീവനുതുല്യം സ്നേഹിക്കുകയും, അവർക്കുവേണ്ടി  ജീവൻ കളയാൻ വരെ തയ്യാറാവുകയും ചെയ്യുന്ന ടോട്ടോ ഇന്നത്തെ കുട്ടികൾക്ക് തീർച്ചയായും ഒരു മാതൃകയാണ്.

വളരെ ലളിതമായ ഭാഷയിലാണ് ഈ കൃതിയുടെ രചന നിർവഹിച്ചിരിക്കുന്നത്. വളരെ ഹൃദ്യമാണ് ഇതിലെ ഭാഷ. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന ഒരു പുസ്തകമാണ് ഇത്. കുഞ്ഞുമനസ്സുകളുടെ നിഷ്കളങ്കമായ പ്രവർത്തികൾ പങ്കുവയ്ക്കപ്പെടുന്ന ഈ നോവൽ തീർച്ചയായും എല്ലാവരും വായിച്ചിരിക്കുന്നതാണ്. സൊസാക്കു കൊബായാഷി മാസ്റ്ററുടെ സ്മരണയ്ക്ക് മുന്നിൽ പ്രണാമർപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന ഈ പുസ്തകം എല്ലാവരാലും വായിക്കപ്പെടുന്ന , എല്ലാവരാലും ഇഷ്ടപ്പെടുന്ന ഒന്നാണെന്നതിൽ സംശയമില്ല.





# അന്ത്യവചനം

ആർത്തലച്ചെത്തിയ കാറ്റിന്റെ മണം
മൂക്കുകൾ ഏറ്റുവാങ്ങി
വായുഅറകളിൽ
ജീവശ്വാസമായ് പടരുമ്പോഴും
'തെറ്റ്"എന്ന പദത്തിന്റെ ഏങ്ങൽ.

നാളത്തെ മാധ്യമത്തിൽ
ആരോ കുറിച്ചിടാവുന്ന വാക്കുകൾ
ഇന്നലെകൾ ചിന്തിക്കുമ്പോഴും
എന്താണിന്നിന്റെ പ്രസക്തി?

അടുക്കളപ്പുകയിൽ
'അമ്മ 'എരിയുന്നു...
അരിക്കലത്തിലെ ചോറിന്
'അമ്മ' രുചി'!

ആറു സയനൈഡ് കുരുക്കുകൾ
കഴുത്തിൽ ഊഞ◌്ഞ്ഞലാടുമ്പോഴും
പുറകിലെ ശവപ്പറമ്പിൽ
ആരുടെയോ മുറവിളി...
കരുത്തിന്റെ കൗമാരം
അങ്കണത്തൈമാവിൻ ചോട്ടിൽ
ചാരമായപ്പോഴും
പെണ്ണെന്ന പദത്തിന്റെ
ആവർത്തനം.

ഉണ്ണുവാനായ് കട്ടവനോട്
കട്ടമുതലെണ്ണുന്നവന്റെ
പരിഹാസം
'യൂറ്റൂബിലെ' കാറ്റായ്
പരക്കുമ്പോൾ...
അകലെയൊരു കാറ്റിന്
അവന്റെ കഥ പറയുവാനുണ്ടായിരുന്നു

ജയിച്ചവന്റെ ചൂടപ്പത്തിനുമീതെ
തോറ്റവന്റെ പ്രതികാരം
"മഴ"
മരണത്തിന്റെ പ്രതിനിധി
ഒപ്പം  വിജയത്തിന്റെയും

നാളെ ,
കേസിന്റെ വിചാരണ
കോടതിവരാന്തയിലെ കസേരകൾ
അലമുറയിടുന്ന
അമ്മയ്ക്കിരിപ്പിടം...
"ഒരിക്കലെങ്കിലും
വിധി എന്റെ മനസ്സാക്ഷിക്കുവേണ്ടി"!!
ഒരവിചാരിത സ്വരം
"ദൈവം" എന്ന പേര്

"ഇന്നിന്റെയും നാളെയുടെയും
നേരിന്റെ നാക്കുകൾ
എന്റെ കോപാഗ്നിയിൽ ദഹിച്ചിട്ടും!
നിനക്കൊരവസരമുണ്ട്...
അത് ഇന്നലെകളാണ്
ആ ആഴക്കയത്തിലേക്ക്
മുങ്ങാംകുഴിയിട്ട്
നന്മയുടെ ശബ്ദങ്ങളെ
നിനക്ക് പുറത്തെടുക്കാം
'അതെന്റെ കരുണ'"
അഷ്ടദിക്കുകളിലും
മുഴങ്ങിക്കേട്ട മനുഷ്യസ്വരം!!

ചത്തവനും ചതിച്ചവനും
ഒരേനാമം കൊടുത്ത സമൂഹം
'ലജ്ജ' യുടെ അർത്ഥമന്വേഷിക്കുന്നു!
സിംഹാസനത്തനായുള്ള
കൊലപാതകങ്ങൾക്കിടയിലും!

ഇവിടെ ശ്വാസകോശങ്ങൾ
കിതയ്ക്കുമ്പോഴും
അകലെ
ഭൂമിയുടെ ശ്വാസകോശം
എരിയുന്നു
ഇവയിൽ മുഴങ്ങുന്നു...
സ്വാർത്ഥതയുടെ
'അന്ത്യവചനം' !!





# പ്രകൃതിമാതാവിന്റെ സ്നേഹവും മനുഷ്യരുടെ ചൂഷണവും

മഞ്ഞുവീഴുന്ന അതിരാവിലെ, പുത്തനുടുപ്പിട്ട് പാട്ടുകൾ പാടുന്ന പക്ഷികൾ, കളകളം പാടിയൊഴുകുന്ന അരുവികൾ,മഞ്ഞുവീണ പുൽനാമ്പുകൾക്കിടയിൽ നിന്ന് ഉറ്റുനോക്കികൊണ്ട് വെള്ളാരങ്കല്ലുപോലെ
തിളങ്ങുന്ന അതിമനോഹരമായ മഴത്തുള്ളികൾ ഇതൊക്കെ സ്വപ്നം കണ്ടുറങ്ങുകയാണ് മാളു . സ്വപ്നത്തിൽ നിന്ന് അവൾ ഓടി മറയുകയാണ്.
അങ്ങനെ ഉറക്കത്തിൽ നിന്ന് എണീക്കാൻ അവളുടെ അമ്മയുടെ നേർത്ത സ്വരത്താൽ വിളിക്കുകയാണ്.

"മാളൂ..... മാളൂ....ഒന്നു എണീക്ക് മോളെ ,സ്കൂളിൽ പോകേണ്ടഎണീക്ക്" അമ്മയുടെ വിളികേട്ട് അവൾ എണീറ്റു . എന്നും അവൾ പ്രകൃതി സൗന്ദര്യം കണ്ടാണ് അവൾ കണ്ണുതുറക്കാറ് ഇന്നും ആ പതിവ്തെറ്റിച്ചില്ല . പ്രകൃതിയുടെ സൗന്ദര്യം അനുനിമിഷം കൊണ്ട് മാറുകയാണല്ലോ ? അവൾ ഒന്നു പകതിയിലേക്ക് കണ്ണോടിച്ചു. കിഴക്കുനിന്ന് കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനെ കണ്ടപ്പോൾ അവൾ ഒന്നാലോചിച്ചു.

" അല്ലയോ സൂര്യദേവാ താങ്കളുടെ കത്തിജ്വലിച്ചു നിൽക്കുന്ന ഈ ശരീരം കണ്ട് എന്നെ ഏകാന്തതയുടെ ഉള്ളറയിൽ വരെ എത്തിക്കുന്നു ."

അമ്മയുടെ വിളി വീണ്ടുമുയരുന്നു.

" മാളൂ .......മാളൂ.....ഓ ഒന്നെണീച്ചാൽ ഉടനെ പ്രകൃതിയുടെ സൗന്ദര്യം കണ്ടവിടെ നിൽക്കും പിന്നെ സ്കൂളിലും പോകേണ്ട. ആരെക്കുറിച്ചും ഓർമ്മയുമുണ്ടാകില്ല. ”

" ഓ എന്റെ ദൈവമേ അമ്മയുടെ ഈ പതിവ് എന്നും തുടരുന്നുണ്ടല്ലോ. ഒരിക്കലും പ്രകൃതി മാതാവിന്റെ സ്നേഹം ഒരിക്കലും എനിക്ക് ആസ്വദിക്കാൻ പറ്റുന്നില്ല. അല്ല ഇത് പറ ഞ്ഞപ്പോഴാ ഓർത്തേ ഇന്ന് അമ്മൂമ്മയെ കണ്ടില്ലല്ലോ"

" അമ്മേ അമ്മൂമ്മ എവിടെ ? ”

" ഇപ്പോഴാ അവൾക്കു അമ്മൂമ്മയെ ഓർമ്മ വന്നത്. ഇത്രയും സമയം അമ്മൂമ്മയൊന്നും ഇല്ലായിരുന്നു.

അമ്മൂമ്മ വെള്ളം കോരാൻ പോയിന്"

" ആ ദാ അമ്മേ അമ്മൂമ്മ വരുന്നു. ”

മാളൂ വേഗം അമ്മൂമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു എന്നിട്ടു ചോദിച്ചു

" അമ്മൂമ്മേ വെള്ളം കിട്ടിയോ ? "അവൾ പാത്രത്തിലേക്ക് നോക്കി. "ഇല്ല മാളൂ വെള്ളം ഒന്നും കിട്ടിയില്ല. "നമ്മുടെ മനുഷ്യനോരോദിവസവും പ്രകൃതിയെ കൊല്ലുകയാണ്.പുഴകളായ പുഴകളെല്ലാം വറ്റിത്തുടങ്ങി.അവിടെ ഇപ്പോൾ മാലിന്യങ്ങളാ..... പുഴയാണോ എന്നു വരെ സംശയമാ.

"ഓ എന്റെ ദൈവമേ കഴിഞ്ഞകൊല്ലം പുഴയുടെ സൗന്ദര്യം എന്ന ക്ലാസിൽ നിന്ന് പുഴ കാണാൻ വന്നത് ആ പുഴയാ ഇപ്പോൾ അത് മാലിന്യങ്ങളായി നിറഞ്ഞോ ഇങ്ങനെയാണെങ്കിൽ ഒറ്റത്തുള്ളി വെള്ളം പോലും ലഭിക്കുകയില്ല. അല്ലേ അമ്മൂമ്മേ”. അവൾ അമ്മൂമ്മയുടെ മുഖത്തുനോക്കി . "അതേ

മാളൂ . ഇങ്ങനെ പോയാൽ അടുത്തകൊല്ലം വരെ പട്ടിണിയാ വെള്ളത്തിൻമേൽ ഉണ്ടാകുന്ന പട്ടിണി.”

"ഓ എന്റെ ഭൂമീദേവീ മനുഷ്യരുടെ ഈ ദുഷ്ടപ്രവൃത്തി കണ്ടാണല്ലോ എന്നെ പോലുള്ള പുതുതലമുറ വളരുന്നത്.ഒരിക്കലും നമ്മൾ ഇവരെ പോലെയായിത്തീരരുത്.ഭൂമീദേവി നമ്മളെ കാത്തുകൊള്ളണേ.”


Hridya.k.m
8-A



# बच्चे काम पर जा रही हैं कविता पर टिप्पणी

कवि: राजेष जोशी

अश्वती पि ए १० बी

हिन्दी के आधुनिक कवियों में राजेष जोशी का स्थान महत्वपूर्ण है । आप की एक  छोटी-सी कविता है 'बच्चे काम पर जा रही है' । यहाँ कवि बालश्रम के बारे में चर्चा करते हैं ।

बालश्रम के बारे में सोच कर कवि का मन बहुत व्याकुल है । कवि इस समस्या को सवाल की तरह प्रस्तुत करना चाहते हैं । बातों को सवाल की तरह प्रस्तुत करने से लोग उस समस्या के बारे में सोच-विचार करेंगे और उन का समाधान भी ढूँढेंगे । कवि कहते है कि कोहरे से ढँकी सडक पर सुबह सुबह बच्चे काम पर जा रहे हैं । ये पंक्तियाँ हमारे समय की सबसे भयानक है । यह समय बच्चों को अपने धर में सुरक्षित होकर सोने का समय है । फिर कवि पूछते है कि क्या अंतरीक्ष में गिर गई है सारी गेन्दें ? क्या दीमकों ने खा लिया है रंग बिरंगी किताबों को ?क्या भूकंप में ढह गयी है सारे मदरसों की इमारतें ?

बालश्रम मे लग जाने से बच्चों को पढने का, खेलने का और आनंद लुटाने का अवसर नष्ट हो जाता है । धर की गरीबी के कारण कुछ निरक्षर माँ-बाप बच्चों को बाल-मज़ूरी केलिए भेजते है । बच्चों के भविष्य के बारे में ध्यान नही देते ।

बालश्रम के कारण बच्चे कई अधिकारों से वंचित है । यह कविता बालश्रम के विरुद्ध आवाज़ उठाने की प्रेरणा भी हैं । बालश्रम को रोकना समाज का कर्तव्य है । यह बहुत अर्थपूर्ण कविता है । आज भी बालश्रम हमारे समाज में है । बालश्रम कानूनन जुर्म है ।



# കുറ്റവാളി

ചോരത്തഴമ്പുള്ള ഓർമ്മകൾ കാരിരുമ്പുപോലെ മനസ്സിനെ നോവിച്ചുകൊണ്ടിരുന്നു. കഴിഞ്ഞുപോയ കാലത്തിലേക്ക് ഊളിയിടാൻ ആരും തരാത്ത പ്രേരണ ഈ ഇളംകാറ്റെന്തിനു തരുന്നു? അറിയില്ല......!

എങ്കിലും പോയകാലത്തിന്റെ ദുർഗന്ധം പേറിയ കാറ്റ്
കൈകളെ ചുറ്റിപ്പിണഞ്ഞു;
കഴുത്തിനെ മുറുക്കി വരിഞ്ഞു;
ഇന്നിപ്പോൾ വീണ്ടും ആ യൂണിഫോമാണിഞ്ഞ സ്കൂൾ വിദ്യാർത്ഥിയാണ്.

"അന്നാ.... നീ വരുന്നില്ലേ..... അദ്ദേഹം നമ്മളെയും കാത്ത് അവിടെയുണ്ടാവും "“വിഴിപോക്കരോടൊന്നും അമിതമായ ചങ്ങാത്തം വേണ്ടെന്ന അമ്മയുടെ ആജ്ഞ..... പിന്നെന്തിനാ നീ വീണ്ടും വീണ്ടും വാശിപിടിക്കുന്നേ ? "

"നീ ഒന്നു വേഗം വന്നേക്ക്......ഇന്നലെ പറഞ്ഞ ആ ഒട്ടകക്കാരന്റെ കഥ മുഴുമിപ്പിക്കുമ്പോഴേക്കും നീ തിരക്കു കൂട്ടിയില്ലേ...? ഇന്നതുവേണ്ട. ഞാനെന്തായാലും ഒരു കഥകൂടി കേട്ടിട്ടേ വീട്ടിലേക്കുള്ളൂ....."

"നിന്റെ ഇഷ്ടം; എന്നാലും ഒത്തിരി വൈകിക്കരുത് ,കേട്ടല്ലോ....?"

“ശരി......ശരി....വാ"

കുട്ടയിൽ നാരങ്ങയും പേറി വന്ന് സ്കൂളിനടുത്തുള്ള ഇടവഴിയിൽ കച്ചവടം നടത്തുന്ന ആ ചെറുപ്പക്കാരന്റെ സാന്നിധ്യം മേരിക്കുട്ടിക്ക് നൽകിയത് എന്തെന്നില്ലാത്ത ഒരു സന്തോഷമായിരുന്നു... കൂടപ്പിറപ്പായ ചേട്ടന്റെ , പ്രതീക്ഷിക്കാതെ കയറിവന്ന മരണം സൃഷ്ടിച്ച ആഘാതമായിരിക്കാം ചേട്ടനോടു സാദൃശ്യമുള്ള ആ കച്ചവടക്കാരനോട് കൂട്ടുകൂടാൻ അവൾക്ക് പ്രേരണയായത്.

രണ്ടു കുട്ടികളെ ലൈംഗിക പീഡനത്തിന് ഇരയാക്കിയ കേസിൽ അന്യനാട്ടിൽ നിന്നും ജീവപര്യന്തം തടവുശിക്ഷയും കഴിഞ്ഞ് അവിടെ മറ്റൊരു ലോകത്തേക്ക് ചേക്കേറിയതാണയാൾ......

തേയ്ച്ചാലും മായ്ച്ചാലും പോവാത്ത ക്രിമിനിലിസം അയാളെ വേട്ടയാടിക്കൊണ്ടിരുന്നു.

തന്റെ നിതാന്തപ്രേരണയിൽ താൽപ്പര്യമില്ലാഞ്ഞിട്ടുകൂടി തന്റെകൂടെ അയാളുടെ സുന്ദര കഥകൾ കേൾക്കാനെത്തിയ കൂട്ടുകാരി ‘അന്നക്കുട്ടി' ഇന്ന് സ്വീകരണമുറിക്കകത്തെചില്ലു പടമാണ് .

അന്നേ അവൾ പറഞ്ഞതാണ് ; " മനുഷ്യർ പലതരക്കാരാണ്, അവർ ചിലപ്പോൾ പറഞ്ഞ് പുഞ്ചിരിപൂന്തോട്ടം ഒരുക്കും, അകത്ത് നമ്മെ ഒരു പിടി ചാരമാക്കാനുതകുന്ന പ്രതികാരത്തിന്റെ തീ......."
എന്നിട്ടും താനായെറിഞ്ഞു കൊടുത്ത പോലെ.....

ആ ക്രൂരന്റെ മടിയിൽ ബാല്യത്തിന്റെ നിഷ്കളങ്കത സൃഷ്ടിച്ച ദുരന്തം....അയാൾ ചെയ്ത തെറ്റിൽ താനും പങ്കാളിയല്ലേ എന്ന തോന്നൽ

ഇന്നും റവന്യൂവകുപ്പിന്റെ വെള്ള ഇന്നോവകാറിൽ ആ ഓർമ്മകളോട് മനസ്സില്ലാ മനസ്സോടെ കൂട്ടുകൂടി യാത്ര ചെയ്യുമ്പോൾ മനസ്സില് കുറ്റബോധത്തിന്റെ കണിക !

ഇടയ്ക്കെപ്പോഴോ മനസ്സിൽ യാഥാർത്ഥ്യത്തിന്റെ ബോധം. യാഥാർത്ഥ കുറ്റവാളി അയാളായിരുന്നു.......അയാൾ തന്നെയാണ്!

അവിടെ താനായി തനിക്കു കൊടുത്ത കുറ്റത്തിന്റെ ചാരം എരിഞ്ഞമരുന്നു......

വാഹനം മുന്നോട്ടു പോകുമ്പോൾ ഇന്ന് ഇരുപത്തൊന്നു വർഷങ്ങൾക്കുശേഷം സിറ്റിക്കരികിലെ ഫുട്പാത്തിലെവിടെയോ അ നീചന്റെ മുഖം ! മഴത്തുള്ളികൾ കാറിന്റെ ഗ്ലാസിനു സൃഷ്ടിച്ച പശ്ചാത്തലത്തിൽ അവ്യക്തമായ്......! !

# എന്റെ സത്യാന്വേഷണ പരീക്ഷണ കഥ



പുസ്തകങ്ങൾ മനുഷ്യന്റെ ഏറ്റവും നല്ല സുഹൃത്തുക്കളാണ്. പ്രശസ്തസാഹിത്യക്കാരനായ ബ്രതോൾഡ് ബ്രഡ്ത്ഹ് പറഞ്ഞിരിക്കുന്നതിങ്ങനെ:

“പട്ടിണിയായ മനുഷ്യാ നീ,
പുസ്തകം കൈയിലെടുത്തോളൂ
പുത്തനൊരായുധമാണ് നിനക്കത്
പുസ്തകം കൈയിലെടുത്തോളൂ


അതെ അതാണ് വായന.അതുനമ്മുടെവിശപ്പിനേയും, ദാഹത്തിനെയുമൊക്കെ ഇല്ലാതാക്കുന്നു.

“വായന ഒരു മനുഷ്യനെ പൂർണനാക്കുന്നു"

എന്നാണ് ഫ്രാൻസിസ് ബേക്കൺപറഞ്ഞിരിക്കുന്നത് . വായനയ്ക്ക് ഇത്രയേറെ പ്രാധാന്യം നൽകുന്ന ഇന്നത്തെ കാലത്ത് വായനയുടെ പറഞ്ഞറിയിക്കനാവാത്ത ആഹ്ലാദത്തിലേക്ക് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്ന പുസ്തകമാണ്

മഹാത്മാഗാന്ധിയുടെ ആത്മകഥയായ "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ".

ഗാന്ധിജിയുടെ കുടുംബപശ്ചാത്തലത്തെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണത്തോടു കൂടി ആരംഭിക്കുന്ന ഈ ആത്മകഥ ഗാന്ധിജിയുടെ വിദ്യാഭ്യാസം,വിവാഹം, ഇംഗ്ലണ്ട് യാത്ര, ദീർഘവും സംഭവബഹുലവുമായ ദക്ഷണാഫ്രിക്കൻ പര്യടനം, സത്യാഗ്രഹസമരം എന്നിവയിലൂടെ കടന്നുപോകുന്നു. ഒടുവിൽ നാഗ്പൂർ സമ്മേളനത്തിൽ (1920) പാസ്സാക്കിയ നിസ്സഹകരണ പ്രമേയത്തോടു കൂടി അവസാനിക്കുന്നു. ഈ അത്മകഥയിൽ തന്റെ ജീവിതാനുഭവങ്ങൾ വളരെ സത്യമായരിതിയിൽ അവതരിപ്പിക്കാൻ ഗാന്ധിജി അവിരാമപരിശ്രമം ചെയിതിട്ടുണ്ട്. മറ്റുള്ള അത്മകഥകളിൽ നിന്ന് ഇതിനെ വേർതിരിച്ചുനിർത്തുന്നത് ഇതിന്റെ ഓരോവരിയിലും, ഓരോപദത്തിലും നിറഞ്ഞുതുളുമ്പുന്ന ആത്മകഥയാണ് .



അദ്ദേഹത്തിന്റെ സത്യസന്ധത വ്യക്തമാക്കുന്ന ഒരനുഭവം അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. ഒരിക്കൽ ഗെയിൽ എന്ന ഇൻസ്പെക്ടർ പരിശോധനയ്ക്ക് ക്ലാസിലെത്തി. കുട്ടികളുടെ അക്ഷരജ്ഞാനമറിയാൻ അദ്ദേഹം അഞ്ച് വാക്കുകൾ എഴുതാൻ പറഞ്ഞു. ഗാന്ധിജി അതിലെ ഒരു വാക്ക് തെറ്റി എഴുതി. അത് 'KITTLE'എന്ന പദമായിരുന്നു.അധ്യാപകൻ ആ വാക്ക് അടുത്തിരിക്കുന്ന കുട്ടിയുടേതു നോക്കി മാറ്റിയെഴുതാൻ പറഞ്ഞിട്ടും കൊച്ചുമോഹൻദാസ് അതനുസരിച്ചില്ല. അത് മുതിർന്നവരെ അനുസരിക്കാനുള്ള മനസ്സ് ഗാന്ധിജിക്ക് ഇല്ലായിരുന്നിട്ടില്ല , മറിച്ച് ചെറുപ്പം മുതൽക്കേ സത്യത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ചതു കൊണ്ടാണ്.

വായനക്കാരിൽ നിന്ന് യാതൊന്നും ഗാന്ധിജി മറിച്ചുവയ്ക്കുന്നില്ല. ബാല്യകാല്യത്ത് അദ്ദേഹം ചെയ്യാനിടയായിട്ടുള്ള കുറ്റകൃത്യങ്ങൾ മുഴുവനും ഈ ആത്മകഥയിൽ അണിനിരക്കുന്നു. മോഷണവാസന , മദ്യപാനം,മാംസഭോജനം തുടങ്ങിയ പ്രലോഭനങ്ങൾക്ക് അദ്ദേഹം ഓരോ കാലത്ത് വിധേയനായതിന്റെ യഥാർഥ വർണ്ണനകളിൽ കാണാം.

തന്റെ ആത്മകഥയിൽ കളവും പ്രായശ്ചിത്തവും എന്ന അധ്യായത്തിലൂടെ ഗാന്ധിജി തന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരു സന്ദർഭം വിവരിക്കുന്നുണ്ട്.പുകവലിക്കാൻ സിഗരറ്റ് വാങ്ങാൻ സ്വന്തം ചേട്ടന്റെ പണം മോഷ്ടിച്ച സംഭവം അദ്ദേഹം തന്റെ അച്ഛന് കത്തായി എഴുതി നൽകി.ഇനി താൻ ഒരിക്കലും ഈ തെറ്റ് ചെയ്യില്ലെന്നും എനിക്ക് തക്കതായ ശിക്ഷ നൽകണമെന്നും അദ്ദേഹമതിൽ കുട്ടിച്ചേർത്തു.ഇത് വായിച്ച് അച്ഛൻ കണ്ണീരൊഴുക്കിയ രംഗം താനൊരു ചിത്രകാരനായിരുന്നുവെങ്കിൽ തനിക്ക് ഇപ്പോഴും വരക്കാൻ സാധിക്കുമെന്ന് ഗാന്ധി പറഞ്ഞിട്ടുണ്ട്.തെറ്റ്
ചെയ്യാത്തവരായി ആരുമില്ല. എന്നാൽ ആ തെറ്റ് തുറന്ന് പറഞ്ഞു കൊണ്ട് ഇന്നത്തെ ലോകത്തിനു മുൻപിൽ നന്മയുടെ നിറവെളിച്ചമാണ് ഗാന്ധിജി പ്രസരിപ്പിക്കുന്നത്.

മദ്യം, മാംസം,സ്ത്രീ എന്നിവയ്ക്ക് വിധേയനാവില്ലെന്ന് അമ്മയുടെ മുന്നിൽ സത്യം ചെയ്ത് ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറിയ ഗാന്ധിജി അവയൊരിക്കലും ലംഘിച്ചിട്ടില്ല എന്നത് അദ്ദേഹത്തിന്റെ  സത്യസന്ധത എത്ര മാത്രമാണെന്ന് നമുക്ക് വ്യക്തമാക്കിത്തരുന്നു.

ദക്ഷിണാഫ്രിക്കയിലെ ജീവിതം, അവിടെ നടത്തിയ സമരങ്ങൾ ബോവർ യുദ്ധം,മറ്റ് നികുതി നിഷേധസമരങ്ങൾ

തുടങ്ങി തന്റെ ജീവിതത്തിലെ നല്ലതും ചീത്തയും അനുഭവങ്ങൾ ഗാന്ധിജി തന്റെ ആത്മകഥയിൽ  പ്രതിപാദിച്ചിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ നിന്ന് മടങ്ങി വന്നതിനു ശേഷമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ തന്റെ പ്രവേശനം രാഷ്ട്രീയഗുരു ഗോഖലെയുമൊത്തമുള്ള രാഷ്ട്രീയ ജീവിതം, സത്യാഗ്രഹ സമരങ്ങൾ, നിരാഹാരസമരങ്ങൾ, ജയിൽജീവിതം തുടങ്ങി തന്റെ 1921 വരെയുള്ള ജീവിതഗന്ധിയായ അനുഭവങ്ങൾ യാതൊരു കൂട്ടിച്ചേർക്കലുകളും നടത്താതെ പച്ചയായി തന്റെ ആത്മകഥയിൽ ഗാന്ധിജി അവതരിപ്പിക്കുന്നു.1921 വരെയാണ് ഗാന്ധിജി തന്റെ ആത്മകഥയിൽ പ്രതിപാദിച്ചിരിക്കുന്നത്. അതിനു ശേഷമുള്ള തന്റെ ജീവിതം തികച്ചും പരസ്യമാകയാൽ മനോവേദനയോടെ താൻ വിടവാങ്ങുന്നു.എന്ന് പറഞ്ഞ് അദ്ദേഹം തന്റെ വരികൾ അവസാനിപ്പിക്കുന്നു.

ഇത്രയേറെ സത്യസന്ധത നിറഞ്ഞ മറ്റൊരാത്മകഥ ലോകസാഹിത്യചരിത്രത്തിൽ ഇതുവരെയുമുണ്ടായിട്ടില്ലെന്ന് ഓരോ ഭാരതീയനും അഭിമാനത്തോടെ പറയാൻ സാധിക്കുന്ന വിധത്തിലാണ് ഗാന്ധിജി തന്റെ ആത്മകഥ രചിച്ചിട്ടുള്ളത്. സത്യമല്ലാതെ മറ്റൊരു ഈശ്വരനില്ലെന്ന് തന്റെ അളവില്ലാത്ത അനുഭവങ്ങളിൽക്കൂടി ഗാന്ധിജി ഈ പുസ്തകത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു. സത്യത്തെ സാക്ഷാത്കരിക്കാൻ ഏകമാർ ഗം അഹിംസയാണെന്ന് ഈ പുസ്തകത്തിലെ ഓരോ പേജിലും അദ്ദേഹം പ്രഖ്യാപിക്കുന്നു.

വളരെ ലളിതമായ ഭാഷയിലാണ് അദ്ദേഹം തന്റെ ആത്മകഥ രചിച്ചിട്ടുള്ളത്. കുട്ടികൾക്കുപോലും വായിക്കുവാനും ഹൃദ്യമായി മനസ്സിലാക്കാനും കഴിയുന്ന വിധത്തിലാണ് അദ്ദേഹത്തിന്റെ ആത്മകഥ.ഗാന്ധിജി ഗുജറാത്തി ഭാഷയിൽ

എഴുതിയ ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കിയത് മഹാദേവ് ദേശായിയും മലയാളം പരിഭാഷ തയ്യാറാക്കിയത് ജോർജ് ഇരുമ്പയവുമാണ്. മലയാള തർജമ പ്രസിദ്ധീകരിച്ചിരിക്കുന്നത് പൂർണോദയ ബുക്ക് ട്രസ്റ്റ് ആണ്.

ഗാന്ധിജിയുടെ ഗീവിതഗന്ധിയായ അനുഭവങ്ങൾ പച്ചയായി അവതരിപ്പുക്കുന്ന ഈ ആത്മകഥ എക്കാലവും നമുക്കൊരു പാഠപുതകം തന്നെയാണ്. സത്യത്തിന്റേയും ധർമ്മത്തിന്റേയും പക്ഷത്ത് നിൽക്കാൻ ഓരോ മനുഷ്യനേയും പ്രേരിപ്പിക്കുന്ന ഈ പുസ്തകം തീർച്ചയായും എല്ലാവരും വായിച്ചിരിക്കേണ്ടതാണ്.




SHOKL

# അമ്മമ്മ


അമ്മയുമച്ഛനമില്ലാത്ത മക്കളെ
പോറ്റിവളർത്തിയൊരമ്മമ്മയാ
ചിന്തകളും മഹാസരകടങ്ങളും
കണ്ണീരും മാത്രമുള്ളമ്മമ്മയാ
മക്കളേ മൂന്നിനെ സ്കൂളിലാക്കിയപ്പോൾ
ഏകാന്തത മാത്രം കൂട്ടിനായി
വീടിനൈശ്വര്യം ചാർത്തുമാ അമ്മയെ
നഷ്ടപ്പെട്ടൊരു മക്കളാണെ
രാപ്പകലില്ലാതെ മക്കൾക്കുവേണ്ടിയീ
അമ്മമ്മയെന്നും ജോലി ചെയ്തു
ഇളയമകനെയും സ്കൂളിലാക്കിയപ്പോൾ
കണ്ണീർതുട്ടിന്റെ എണ്ണം കൂടി
പിഞ്ഞിക്കീറിയ പേഴ്സുമായമ്മമ്മ
മക്കളെ കാണാനായെത്തിടുന്നു
കാതുകൾ നഗ്നവുമായിരുന്നു
മൂന്ന് മക്കളെയും കൂട്ടിയീ അമ്മമ്മ
അധ്യാപകരെയും കണ്ടിടുന്നു
മക്കളുടെ ആവശ്യങ്ങൾ നിറവേറ്റിയീ
അമ്മമ്മ എപ്പോഴും സംതൃപ്തയാ
പുതിയ തലമുറയ്ക്കനുസരിച്ചാണീ
അമ്മമ്മയുടെ ജീവിതവും

ഈ അമ്മമ്മയുടെ ജീവിതവും

# മഹാരഥന്മാർ






Lala La







